LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവകുപ്പിലെ ജീവനക്കാരുടെ ഡെപ്യൂട്ടേഷന് നിയന്ത്രണം

58 (4934) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഏതെല്ലാം വിഭാഗം ജീവനക്കാർക്കാണ് ഡെപ്യൂട്ടേഷൻ നിയമനത്തിന് നിയന്ത്രണം ഏർപ്പെടുത്തിയതെന്ന് വിശദമാക്കുമോ ;

(ബി) ആരോഗ്യവകുപ്പിലെ ഡ്രൈവർമാർക്ക് മറ്റുവകുപ്പുകളിലേക്ക് ഡെപ്യൂട്ടേഷന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച് 2008-ൽ ഗവൺമെന്റ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ആരോഗ്യവകുപ്പിലെ അറ്റൻഡർ/സെക്കന്റ് ഗ്രേഡ് അറ്റൻഡർ തസ്തികയിലുള്ള താൽക്കാലിക ജീവനക്കാർ

59 (4935) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതിയിലെ ഒ.പി.നമ്പർ 30455/1999-ാം നമ്പർ/കേസിന്റെ ഉത്തരവ് പ്രകാരം ആരോഗ്യവകുപ്പിലെ അറ്റൻഡർ/സെക്കന്റ് ഗ്രേഡ് അറ്റൻഡർ തസ്തികയിൽ എത്ര താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തി ;

(ബി) കോടതിവിധി പ്രകാരം ഇനിയും സ്ഥിരനിയമനം ലഭിക്കാത്തവർക്ക് സ്ഥിരനിയമനം നൽകാത്തതിനുള്ള കാരണം വിശദീകരിക്കുമോ ;

(സി) സ്ഥിരനിയമനം നൽകാനുള്ളവർക്ക് എത്ര കാലയളവിൽ നിയമനം നൽകുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 6 പേരെ സ്ഥിരപ്പെടുത്തി.

(ബി) മുമ്പ് ഉൾപ്പെടുത്താൻ വിട്ടുപോയ ഇനിയും സ്ഥിര നിയമനം ലഭിക്കാത്ത 12 പേരെ സ്ഥിരപ്പെടുത്താൻ 19-7-2010-ലെ മന്ത്രിസഭായോഗം അനുമതി നല്കിയിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്.